# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **06-12-2022 - ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകര കുളത്തൂർ പവ്വർലൂം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കുളത്തൂർ ഉച്ചക്കടയിലെ പവ്വർലൂം തുറന്ന് പ്രവർത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര കുളത്തൂർ ഉച്ചക്കടയിലെ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോപ്പറേറ്റീവ് സൊസൈറ്റി തുടർന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ഓണററി സെക്രട്ടറിയെ നിയമി ക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിനായി, അപ്രൂവ്ഡ് പെയ്ഡ് സെക്രട്ടറിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എത്ര യന്ത്ര തറികൾ ആണ് അവിടെ സ്ഥാപിച്ചിരിക്കുന്നതെന്നും ഇതിൽ എത്ര എണ്ണമാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | 200 യന്ത്രത്തറികളാണ് സംഘത്തിൽ സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ അറ്റകുറ്റപ്പണികൾ നടത്തിയാൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന 138 തറികൾ ഉണ്ട്. നിലവിൽ യന്ത്രത്തറികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (സി) | യന്ത്ര തറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് എത്ര തുക ആണ് വിനിയോഗിക്കേണ്ടി വരുകയെന്ന് വ്യക്തമാക്കാമോ; | (സി) | യന്ത്രത്തറികൾ പ്രവർത്തനക്ഷമമാക്കുന്നതിന് തറി ഒന്നിന് 25,000/- രൂപ നിരക്കിൽ 138 തറികൾക്കും കൂടി ആകെ 34,50,000/- രൂപ വിനിയോഗിക്കേണ്ടി വരും. |
| (ഡി) | പവ്വർലൂം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനു ചെയർമാൻ നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ഡി) | നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം കോപ്പറേറ്റീവ് സൊസൈറ്റി തുറന്ന് പ്രവർത്തിക്കുന്നതിന് ചെയർമാൻ നൽകിയ നിവേദനത്തിന്മേൽ കൈത്തറി ഡയറക്ടറേറ്റ് തലത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ